# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4668** — **23.07.2015 ൽ മറുപടിയ്ക്ക്**

## വ്യാജ വിലനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭൂമികച്ചവടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ റീജിയണൽ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പത്തനംതിട്ടയിൽ സ്ഥലം വിലയ്ക്കു വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് ഭൂമി വിലയ്ക്കു വാങ്ങി; ഒരു സെന്റ് ഭൂമിക്ക് എത്ര രൂപ വിലയായി; വ്യക്തമാക്കുമോ; | (എ) ബാങ്കിന്റെ റീജിയണൽ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പത്തനംതിട്ട ജില്ലയിൽ 12 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. ഒരു ആറിന് 22,75,000/- രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ) നിരക്കിലാണ് (ഉദ്ദേശം സെന്റിന് 9,20,680/- രൂപ നിരക്കിൽ) വാങ്ങിയിട്ടുള്ളത്. |
| (ബി) ഭൂമി വാങ്ങുന്ന അവസരത്തിൽ ബാങ്ക് നേരിട്ട് തഹസിൽദാരിൽ നിന്നും വിലനിർണ്ണയ സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നോ; കോഴഞ്ചേരി തഹസിൽദാർ നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വസ്തുവിന് കണക്കാക്കിയ വില സെന്റൊന്നിന് എത്ര രൂപയായിരുന്നു; | (ബി) കോഴഞ്ചേരി തഹസിൽദാരുടെ വില നിർണ്ണയ സർട്ടിഫിക്കറ്റ് സ്ഥലം ഉടമ ബാങ്കിന് നൽകിയിട്ടുള്ളതാണ്. കോഴഞ്ചേരി തഹസിൽദാരുടെ 03.03.2014 ലെ സി4/1864/2014/കെഡിസ് നമ്പർ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം [ഒരു ആറിന് 22,75,000/- രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ) നിരക്കിലാണ് (ഉദ്ദേശം സെന്റിന് 9,20,680/- രൂപ)] വില നിശ്ചയിച്ചിട്ടുള്ളത്. |
| (സി) ഈ ഇടപാടിൽ ഇടനിലക്കാർ ഉണ്ടായിരുന്നോ; ഇടനിലക്കാർ വ്യാജമായി നിർമ്മിച്ച നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭൂമി കച്ചവടം | (സി) ബാങ്കിന് ഇടനിലക്കാർ ഇല്ലായിരുന്നു. പത്തനംതിട്ട, ആനപ്പാറ, കോലിയാനിക്കരയിൽ വീട്ടിൽ ചിന്നമീരാൻ മകൻ ശ്രീ.റഷീദ് സമർപ്പിച്ച പരാതിയിന്മേൽ ബാങ്ക് നടത്തിയ അന്വേഷണത്തിൽ ബാങ്കിൽ |

| | | | |
|---|---|---|---|
| | നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി കച്ചവടത്തിലെ വെട്ടിപ്പിലും വ്യാജരേഖ ഉണ്ടാക്കിയതിലും അന്വേഷണം നടത്തി, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; | | ഹാജരാക്കപ്പെട്ട കോഴഞ്ചേരി തഹസിൽദാർ നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടി പരാതിയിന്മേൽ ബാങ്ക് വിശദമായ അന്വേഷണം ആവശ്യപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br><br>(1) വിശദമായ അന്വേഷണം ആവശ്യപ്പെട്ട് ബാങ്ക് പ്രസിഡന്റ് 04.03.2015 ലെ G4/RO-PTA/L&B/13-14 നമ്പർ കത്ത് പ്രകാരം ആഭ്യന്തര വകുപ്പ് മന്ത്രിക്ക് ഹർജി നൽകുകയും ഇതേത്തുടർന്ന് ടി പരാതി എ.ഡി.ജി.പി (ക്രൈംസ്) പോലീസ് വകുപ്പ്, തിരുവനന്തപുരത്തിന് മേൽ നടപടികൾക്കായി അയച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>(2) ബാങ്ക് പ്രസിഡന്റ് 06.03.2015 ൽ റവന്യൂ വകുപ്പ് മന്ത്രി സമക്ഷം ഹർജി നൽകുകയും, ടി ഹർജി പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ തലത്തിൽ കൂടുതൽ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.<br><br>(3) ബാങ്ക് 3 അംഗ ഉന്നതതല ഉദ്യോഗസ്ഥരെക്കൊണ്ട് ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ഇക്കാര്യത്തിന്മേൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറോട് സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ബാങ്കിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി തെളിയുകയാണെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത അഴിമതി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ബാങ്ക് പ്രസിഡന്റ് ആഭ്യന്തര വകുപ്പ് മന്ത്രിക്ക് നൽകിയ ഹർജിയിന്മേൽ എ.ഡി.ജി.പി (ക്രൈംസ്) തിരുവനന്തപുരം നടത്തുന്ന അന്വേഷണവും, റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ ഹർജിയിന്മേൽ പത്തനംതിട്ട ജില്ലാ |

കളക്ടർ തലത്തിലുള്ള അന്വേഷണവും നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ